# യുവദീപ്തി എസ്.എം. വൈ.എം

## ചങ്ങനാശേരി അതിരൂപത

യുവദീപ്തി എസ്.എം.വൈ.എം. സെൻട്രൽ ഓഫീസ്
ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശേരി, കേരള - 686 101

Phone: 0481- 2426552 email: yuvadeeptismymchry@gmail.com website: www.yuvadeepti.org





Director
Fr. Jobin Anakkallunkal
8281746624

President
George Sebastian
8089461920

Deputy President
Reshma Devasia
9061986810

General Secretary
Joyal John Roy
7025164877

Treasurer
Alan Siby
9074711960

Animator
Sr. Teresina
8281217189


2023/A008

2023 ജൂലൈ 05

ഏറ്റവും പ്രിയമുള്ള സെനറ്റ് അംഗങ്ങളെ,

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ് എം വൈ എം 2023 പ്രവർത്തന വർഷത്തെ അർദ്ധ വാർഷിക സെനറ്റ് 2023 ഓഗസ്റ്റ് 06 ഞായർ രാവിലെ 11.00ന് നടത്തപ്പെടുകയാണ്. പ്രസ്തുത സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ അർദ്ധ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. എല്ലാ സെനറ്റ് അംഗങ്ങളും പ്രസ്തുത സെനറ്റിൽ നിർബന്ധമായും പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. റിപ്പോർട്ട് അവതരണവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അതിരൂപതയിൽ നിന്നും നൽകുന്ന PPT ഫോർമാറ്റിൽ പ്രസന്റേഷൻ ചെയ്തുകൊണ്ടാവണം റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.
2. നോമിനേറ്റഡ്, എക്സ് ഒഫീഷ്യോ അംഗങ്ങൾ അല്ലാതെ 4 സെനറ്റ് അംഗങ്ങൾ എങ്കിലും ഒരു ഫൊറോനായിൽ നിന്നും ഉണ്ടെങ്കിൽ മാത്രമേ റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ.
3. മേൽ സൂചിപ്പിച്ച 4 അംഗങ്ങൾ ആദ്യാവസാനം പങ്കെടുത്തെങ്കിൽ മാത്രമേ റിപ്പോർട്ട് അവതരണം സാധുവായി പരിഗണിക്കു
4. ഇത്തരത്തിൽ അംഗീകരിച്ച റിപ്പോർട്ടുകൾ മാത്രമേ മികച്ച ഫൊറോനയെ തിരഞ്ഞെടുക്കുന്നതിൽ പരിഗണിക്കുകയുള്ളു.
5. ഫൊറോന ജനറൽ സെക്രട്ടറിയാണ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.
6. റിപ്പോർട്ട് PDF ആയി 2023 ഓഗസ്റ്റ് 02 ബുധനാഴ്ച രാത്രി 07.00 ന് മുൻപായി yuvadeeptismymchry@gmail.com എന്ന ഇ മെയിൽ അഡ്രസിലേക്ക് അയക്കേണ്ടതാണ്.
7. റിപ്പോർട്ട് ഫോർമാറ്റിലെ അവസാന ഭാഗത്ത് നൽകിയിരിക്കുന്ന അതിരൂപത പ്രവർത്തനങ്ങളിലെ പങ്കാളിത്തം റിപ്പോർട്ടിൽ അതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് മാത്രമേ രേഖപ്പെടുത്താവു അവ ഫൊറോന പ്രവർത്തനങ്ങളായി റിപ്പോർട്ടിൽ ഉൾപ്പെടുത്തരുത്.
8. ഒരു ഫൊറോനയ്ക്ക് പരമാവധി 5 മിനിട്ടാകും റിപ്പോർട്ട് അവതരണത്തിന് അനുവദിക്കുക.
9. 2023 ജൂൺ 30 വരെയുള്ള ഫൊറോനാ പ്രവർത്തനങ്ങൾ മാത്രമേ റിപ്പോർട്ടിൽ ഉൾപെടുത്താൻ പാടുള്ളു.
10. ഇതേ കാലയളവിലെ യൂണിറ്റ് തല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് യൂത്ത് അസംബ്ലി യോഗം ചേർന്ന് ജൂലൈ 28 ന് മുൻപായി അവതരിപ്പിക്കുവാൻ ഫൊറോന സമിതികൾ ശ്രദ്ധിക്കുക. ഫൊറോനായിലെ എല്ലാ യൂണിറ്റുകളുടെയും റിപ്പോർട്ടുകൾ ശേഖരിച്ച് ഫൊറോന ജനറൽ സെക്രട്ടറി മുൻപ് സൂചിപ്പിച്ച ഇ മെയിൽ അഡ്രസിലേക്ക് അയക്കേണ്ടതാണ്
11. ഫൊറോനാകളും യൂണിറ്റുകളും റിപ്പോർട്ട് തയ്യാറാക്കേണ്ട ഫോർമാറ്റ് ഫൊറോന ജനറൽ സെക്രട്ടറിമാർക്ക് ലഭ്യമാക്കുന്നതാണ്.
12. അന്നേ ദിവസം രാവിലെ 09.00ന് സിൻഡിക്കറ്റ് യോഗം അതിരൂപതാ ഓഫീസിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ സിൻഡിക്കറ്റ് അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

YUVADEEPTI SMYM
ARCHDIOCESE OF CHANGANASSERY
ESTD-1972

അതിരൂപത സമിതിക്കുവേണ്ടി,

ജോയൽ ജോൺ റോയ്
ജനറൽ സെക്രട്ടറി